ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 22.07.2025**

## പ്രധാനവാർത്തകൾ

1. **അന്തരിച്ച മുൻ മുഖ്യമന്ത്രിയും സിപിഐ.എം നേതാവുമായ വി.എസ് അച്യുതാനന്ദന് വിട നൽകാൻ കേരളം; അന്ത്യാഞ്ജലി അർപ്പിക്കാൻ തിരുവനന്തപുരത്തേയ്ക്ക് ഒഴുകി ജനസാഗരം; ദർബാർ ഹാളിൽ പൊതുദർശനം പുരോഗമിക്കുന്നു.**

2. **ഉച്ചകഴിഞ്ഞ് ദേശീയപാതയിലൂടെ വിലാപയാത്ര; നാളെ ആലപ്പുഴയിലും പുന്നപ്രയിലെ വീട്ടിലും പൊതുദർശനം; അന്ത്യവിശ്രമം വലിയ ചുടുകാട് രക്തസാക്ഷി മണ്ഡപത്തിൽ.**

3. **വിവിധ വിഷയങ്ങളെച്ചൊല്ലിയുള്ള പ്രതിപക്ഷ പ്രതിഷേധത്തെത്തുടർന്ന് ലോക്സഭയും രാജ്യസഭയും ഉച്ചയ്ക്ക് 2 മണി വരെ നിർത്തിവച്ചു.**

4. **ഉപരാഷ്ട്രപതി ജഗദീപ് ധൻകർ രാജിവെച്ചു; രാഷ്ട്രപതിയും പ്രധാനമന്ത്രിയും നൽകിയ അചഞ്ചലമായ പിന്തുണയ്ക്ക് നന്ദി രേഖപ്പെടുത്തുന്നതായി ശ്രീ ധൻകർ.**

5. **സംസ്ഥാനത്ത് മറ്റന്നാൾ വരെ അതിശക്തമായ മഴക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്; ഇന്ന് തിരുവനന്തപുരം കൊല്ലം ഒഴികെയുള്ള ജില്ലകളിൽ മഞ്ഞ ജാഗ്രത.**

6. **ഇന്ത്യ- ഇംഗ്ലണ്ട് ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ നാലാം മത്സരം നാളെ മാഞ്ചസ്റ്ററിൽ ആരംഭിക്കും.**

RNU TVPM

&&&&&&&&&&&&&&&&&&

## അച്യുതാനന്ദൻ 1

അന്തരിച്ച മുൻ മുഖ്യമന്ത്രിയും സിപിഐ എം നേതാവുമായ വി എസ് അച്യുതാനന്ദന് വിട നൽകാൻ കേരളം. തിരുവനന്തപുരത്തെ വസതിയിൽ നിന്ന് വിഎസിന്റെ ഭൗതിക ദേഹം സെക്രട്ടറിയേറ്റിലെ ദർബാർ ഹാളിലെത്തിച്ചു. മുഖ്യമന്ത്രി പിണറായി വിജയനും മന്ത്രിമാരും ദർബാർ ഹാളിലെത്തിയിട്ടുണ്ട്.പ്രിയ നേതാവിനെ ഒരുനോക്ക് കാണാൻ തലസ്ഥാനത്തേക്ക് ജനപ്രവാഹമാണ്. കക്ഷി രാഷ്ട്രീയ ഭേദമില്ലാതെ നേതാക്കളും, ജീവിതത്തിന്റെ നാനാതുറകളിൽ ഉള്ളവരും വിഎസിന് അന്ത്യാഭിവാദ്യം അർപ്പിക്കാൻ എത്തുന്നു.

&&&&&&&&&&&&&&&&&&

RNU TVPM

## വി.എസ്- തിരുവനന്തപുരം (ഇൻട്രോ)

വി.എസ് അച്യുതാനന്ദന്റെ ഭൗതിക ദേഹം പൊതുദർശനത്തിന് വച്ചിരിക്കുന്ന സെക്രട്ടേറിയറ്റ് ദർബാർ ഹാളിൽ ഇപ്പോൾ ആയിരങ്ങളാണ് ഒഴുകിയെത്തുന്നത്. ഉച്ചയ്ക്ക് രണ്ട് മണി വരെ പൊതുദർശനം തുടരും.

വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി **രെജു കോലിയക്കോട്.....**

**(വോയിസ്)**

&&&&&&&&&&&&&&&&&&

## അച്യുതാനന്ദൻ 2

ദർബാർ ഹാളിലെ പൊതുദർശനത്തിന് ശേഷം ദേശീയപാതയിലൂടെ വിലാപയാത്രയായി ആലപ്പുഴ

പുന്നപ്രയിലെ വീട്ടിലേക്ക് ഭൗതിക ദേഹം കൊണ്ടുപോകും. ഇതിനിടയിലുള്ള വിവിധ കേന്ദ്രങ്ങളിൽ പൊതു ദർശനം ഉണ്ടാകും. ഇന്ന് രാത്രി ഒമ്പത് മണിയോടെ പുന്നപ്ര പറവൂരിലെ വേലിക്കകത്ത് വീട്ടിലെത്തിക്കും.

&&&&&&&&&&&&&&&&&&

## വി എസ് ആലപ്പുഴ (ഇൻട്രോ )

വി എസ് അച്യുതാനന്ദന്റെ അന്ത്യവിശ്രമത്തിനായി ആലപ്പുഴ വലിയ ചുടുകാട് രക്തസാക്ഷി മണ്ഡപത്തിൽ ഒരുക്കങ്ങളെല്ലാം പൂർത്തിയായി.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ.രവികുമാർ....

(വോയിസ്)

&&&&&&&&&&&&&&&&&&

## വി.എസ്.അനുശോചനം (ഇൻട്രോ)

മുൻ മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദന്റെ വിയോഗത്തിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ ആർലേക്കർ, മുഖ്യമന്ത്രി പിണറായി വിജയൻ, പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ തുടങ്ങിയവർ അനുശോചിച്ചു. രാഷ്ട്രീയത്തിനതീതമായി എല്ലാവർക്കും ഒരു പോലെ സ്വീകാര്യനായ വ്യക്തിത്വമായിരുന്നു വിഎസ് അച്യുതാനന്ദനെന്ന് ഗവർണർ പറഞ്ഞു.

(ഹോൾഡ്)

മന്ത്രിമാർ, ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ, കെപിസിസി അധ്യക്ഷൻ സണ്ണി ജോസഫ് തുടങ്ങിയവരും അനുശോചനം രേഖപ്പെടുത്തി.

RNU TVPM

&&&&&&&&&&&&&&&&&&

## എംപ്ലോയ്സ് ആൻഡ് ടീച്ചേഴ്സ്

ജനകീയനായ മുഖ്യമന്ത്രി എന്ന നിലയിലും ആദർശാധിഷ്ഠിത നേതാവെന്ന നിലയിലും വി.എസ്.അച്യുതാനന്ദൻ്റെ ജീവിതം മാതൃകാപരമായിരുന്നെന്ന് ഫെഡറേഷൻ ഓഫ് എംപ്ലോയ്സ് ആൻ്റ് ടീച്ചേഴ്സ് ഓർഗനൈസേഷൻ. സർക്കാർ ജീവനക്കാരെയും അദ്ധ്യാപകരേയും വേണ്ട സമയത്ത് ശാസിക്കുകയും, നൽകേണ്ട ആനുകൂല്യങ്ങൾ യഥാസമയം നൽകുന്നതിൽ യാതൊരു കാലതാമസവും ഉണ്ടാകാൻ അനുവദിക്കാതിരിക്കുകയും ചെയ്ത മുഖ്യമന്ത്രി എന്ന നിലയിൽ മാതൃകാപരമായിരുന്നു വി.എസ്. അച്ചുതാനന്ദൻ്റെ ഭരണമെന്ന് അനുശോചന സന്ദേശത്തിൽ സംഘടന വ്യക്തമാക്കി.

RNUTVPM

&&&&&&&&&&&&&&&&&&

## കാലാവസ്ഥ

സംസ്ഥാനത്ത് വരും ദിവസങ്ങളിൽ അതിശക്തമായ മഴക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. മറ്റന്നാൾ വരെ അതിശക്തമായ മഴയ്ക്കും, 25 ന് ശക്തമായ മഴയ്ക്കും സാധ്യതയുണ്ട്. 25-ാം തീയതി വരെ ഒറ്റപ്പെട്ടയിടങ്ങളിൽ മണിക്കൂറിൽ 40 മുതൽ 50 കിലോമീറ്റർ വരെ വേഗതയിൽ ശക്തമായ കാറ്റിനും സാധ്യതയുണ്ട്. ഇന്ന് തിരുവനന്തപുരം, കൊല്ലം ഒഴികെ 12 ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. നാളെയും മറ്റന്നാളും പത്തനംതിട്ട, കോട്ടയം, ഇടുക്കി, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട് ജില്ലകളിലും യെല്ലോ അലർട്ടാണ്.

&&&&&&&&&&&&&&&&&&

## എഫ് 35 ബി

സാങ്കേതിക തകരാറിനെ തുടർന്ന് തിരുവനന്തപുരം വിമാനത്താവളത്തിൽ അടിയന്തരമായി ലാൻഡ് ചെയ്ത ബ്രിട്ടീഷ് നാവികസേനയുടെ യുദ്ധവിമാനം എഫ് 35 -ബി അറ്റകുറ്റപ്പണി പൂർത്തിയാക്കി ബ്രിട്ടനിലേക്ക് മടങ്ങി. ഇന്ന് രാവിലെ 10.50 ഓടെയാണ് വിമാനം തിരുവനന്തപുരം വിമാനത്താവളത്തിൽ നിന്ന് മടങ്ങിയത്. വിമാനത്തിലെ ഹൈഡ്രോളിക് സംവിധാനത്തിലെ തകരാറും പവർ യൂണിറ്റിലെ പ്രശ്നങ്ങളും ബ്രിട്ടനിൽ നിന്ന് എത്തിയ വിദഗ്ധസംഘം പരിഹരിച്ചിരുന്നു.

&&&&&&&&&&&&&&&&&&

## ഉപരാഷ്ട്രപതി

ഉപരാഷ്ട്രപതി ജഗദീപ് ധൻകർ രാജിവെച്ചു. ആരോഗ്യകാരണങ്ങൾ ചൂണ്ടിക്കാട്ടിയാണ് രാജി. രാഷ്ട്രപതിയും പ്രധാനമന്ത്രിയും നൽകിയ അചഞ്ചലമായ പിന്തുണയ്ക്ക് നന്ദി രേഖപ്പെടുത്തുന്നതായി ശ്രീ ധൻകർ അറിയിച്ചു. പാർലമെന്റ് അംഗങ്ങളിൽ നിന്നും ലഭിച്ച ഊഷ്മളമായ പരിഗണനയും സ്നേഹവും വിശ്വാസവും എന്നെന്നും ഓർമ്മയിൽ സൂക്ഷിക്കുമെന്ന് ഉപരാഷ്ട്രപതി പറഞ്ഞു. രാജ്യചരിത്രത്തിലെ പരിവർത്തന കാലഘട്ടത്തിൽ സേവനമനുഷ്ഠിക്കാനായത് യഥാർത്ഥ ബഹുമതിയാണെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. 2022 ഓഗസ്റ്റിലാണ് ജഗദീപ് ധൻകർ ഉപരാഷ്ട്രപതിയായി ചുമതലയേറ്റെടുത്തത്. 2027 വരെ കാലാവധിയുണ്ടായിരുന്നു.

&&&&&&&&&&&&&&&&&&

PNU TVPM

## പാർലമെൻറ് - ഇന്ന്

വിവിധ വിഷയങ്ങളെച്ചൊല്ലിയുള്ള പ്രതിപക്ഷ പ്രതിഷേധത്തെത്തുടർന്ന് ലോക്സഭയും രാജ്യസഭയും ഉച്ചയ്ക്ക് 2 മണി വരെ നിർത്തിവച്ചു. രാവിലെ 11 മണിക്ക് ലോക്സഭയിൽ ചോദ്യോത്തര വേള ആരംഭിച്ചപ്പോൾ, ഓപ്പറേഷൻ സിന്ദൂരും ബീഹാറിലെവോട്ടർപ്പട്ടിക പരിഷ്ക്കരണവും ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് പ്രതിപക്ഷ അംഗങ്ങൾ മുദ്രാവാക്യം വിളിച്ചു. രാജ്യസഭയിലും സമാന രംഗങ്ങളാണ് അരങ്ങേറിയത്.

രാവിലെ, ബിഹാറിലെ വോട്ടർപ്പട്ടിക പരിഷ്ക്കരണത്തിനെതിരെ ലോക്സഭയിലെ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി ഉൾപ്പെടെയുള്ള പ്രതിപക്ഷ എംപിമാർ പാർലമെന്റിന്റെ മകർ ദ്വാറിൽ പ്രതിഷേധ പ്രകടനം നടത്തി. അവലോകനത്തിന്റെ ഉദ്ദേശ്യവും നിയമസാധുതയും സർക്കാർ വ്യക്തമാക്കണമെന്ന് പ്ലക്കാർഡുകളും മുദ്രാവാക്യങ്ങളും ഉയർത്തി എം പി മാർ ആവശ്യപ്പെട്ടു.

RNU TVPM

&&&&&&&&&&&&&&&&&&

## ദേശീയ പതാക ദിനം

ഇന്ന് ദേശീയ പതാക ദിനം. 1947-ൽ ഭരണഘടനാ അസംബ്ലി ഇന്ത്യൻ ദേശീയ പതാക അംഗീകരിച്ചതിന്റെ സ്മരണയ്ക്കായാണ് എല്ലാ വർഷവും ജൂലൈ 22 ദേശീയ പതാക ദിനമായി ആഘോഷിക്കുന്നത്. ഐക്യത്തോടും സമാധാനത്തോടും സഹവസിക്കാനും രാജ്യത്തിനായി ഒരുമിച്ച് പ്രവർത്തിക്കാനുമുള്ള ഓർമ്മപ്പെടുത്തൽ കൂടിയാണ് ഈ ദിനം. ' ഒരു രാഷ്ട്രം, ഒരു പതാക: ത്യാഗത്തിൽ ഐക്യപ്പെടുക, സമാധാനത്തിനായി പ്രതിബദ്ധരാകുക' എന്നതാണ് ഈ വർഷത്തെ പ്രമേയം.

&&&&&&&&&&&&&&&&&&

## ഗീത ഗോപിനാഥ്

അന്താരാഷ്ട്ര നാണയ നിധിയുടെ മലയാളിയായ ഡെപ്യൂട്ടി മാനേജിംഗ് ഡയറക്ടർ ഗീത ഗോപിനാഥ് അടുത്ത മാസം ഹാർവാർഡ് സർവ്വകലാശാലയിലെ സാമ്പത്തിക ശാസ്ത്ര വിഭാഗം പ്രൊഫസറായി മടങ്ങിയെത്തും. 2019 ജനുവരിയിലാണ് ഗീത ഗോപിനാഥ് IMF ൽ ചീഫ് ഇക്കണോമിസ്റ്റായി ചേർന്നത്. 2022 ജനുവരിയിൽ ഫസ്റ്റ് ഡെപ്യൂട്ടി മാനേജിംഗ് ഡയറക്ടറായി സ്ഥാനക്കയറ്റം ലഭിച്ചു. ഗീത ഗോപിനാഥ് IMF ന് നൽകിയ സേവനങ്ങളെ മാനേജിംഗ് ഡയറക്ടർ ക്രിസ്റ്റലിന ജോർജിവ പ്രകീർത്തിച്ചു.

&&&&&&&&&&&&&&&&&&

PNU TVPM

## ഇന്ത്യ - ഇംഗ്ലണ്ട്

ഇന്ത്യ- ഇംഗ്ലണ്ട് ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ നാലാം മത്സരം നാളെ മാഞ്ചസ്റ്ററിൽ ആരംഭിക്കും. ഓൾഡ് ട്രാഫോർഡിൽ ക്രിക്കറ്റ് സ്റ്റേഡിയത്തിൽ ഇന്ത്യൻ സമയം വൈകുന്നേരം 3.30 നാണ് മത്സരം. 5 മത്സരങ്ങളുള്ള പരമ്പരയിൽ നിലവിൽ ഇംഗ്ലണ്ട് 2-1 ന് മുന്നിലാണ്. ഫൈനൽ മത്സരം ഈ മാസം 31 ന് കെന്നിംഗ്ടണിൽ നടക്കും.

&&&&&&&&&&&&&&&&&&

## വനിതാ ക്രിക്കറ്റ്

ഇന്ത്യ-ഇംഗ്ലണ്ട് വനിതാ ഏകദിന ക്രിക്കറ്റ് പരമ്പരയിലെ മൂന്നാമത്തെയും അവസാനത്തെയും മത്സരം ഇന്ന് നടക്കും. രണ്ടാം മത്സരത്തിൽ ഇംഗ്ലണ്ട് എട്ടു വിക്കറ്റിന് ഇന്ത്യയെ പരാജയപ്പെടുത്തിയിരുന്നു.

&&&&&&&&&&&&&&&&&&

## കർക്കടക വാവ്

സംസ്ഥാനത്ത് കർക്കിടക വാവുബലിയ്ക്കുള്ള ഒരുക്കങ്ങൾ അവസാനഘട്ടത്തിലേക്ക്. ഹരിതച്ചട്ടങ്ങൾ പൂർണ്ണമായും പാലിച്ചായിരിക്കും ഇക്കുറി വാവുബലിയുടെ ചടങ്ങുകൾ. ഹരിതച്ചട്ടം പാലിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ ശുചിത്വമിഷൻ പുറത്തിറക്കി. കുപ്പിവെള്ളം വില്പന പൂർണ്ണമായും ഒഴിവാക്കും. പരമാവധി സ്ഥലങ്ങളിൽ കുടിവെള്ള കിയോസ്ക്കുകൾ ഏർപ്പെടുത്തും.

&&&&&&&&&&&&&&&&&&

## ഓഹരി -സ്വർണം

RNU TVPM

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 16 പോയിന്റ് താഴ്ന്ന് 82,183 ലും, ദേശീയ ഓഹരി സൂചിക നിഫ്റ്റി 26 പോയിന്റ് നഷ്ടത്തിൽ 25,063 ലും വ്യാപാരം തുടരുന്നു. സ്വർണവിലയിൽ വൻ വർധന. സ്വർണം പവന് 840 രൂപ വർധിച്ച് 74,280 രൂപയും, ഗ്രാമിന് 105 രൂപ വർധിച്ച് 9,284 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&&&

## കർഷക ഭാരതി അവാർഡ്

കാർഷിക രംഗത്തെ മാധ്യമപ്രവർത്തനത്തെ പ്രോത്സാഹിപ്പിക്കുന്നതിന് നൽകി വരുന്ന കർഷക ഭാരതി പുരസ്കാരത്തിനായി അപേക്ഷ ക്ഷണിച്ചു. മലയാള ഭാഷയിലൂടെ കാർഷിക മേഖലയക്ക് സംഭാവനകൾ നൽകുന്ന തരത്തിൽ മാധ്യമ പ്രവർത്തനം നടത്തിയ മികച്ച ഫാം ജേർണലിസ്റ്റിനാണ്

പുരസ്കാരം നൽകുന്നത്. പുരസ്കാരത്തിനായി അതത് വ്യക്തികളുടെ നാമനിർദ്ദേശം മാത്രമായിരിക്കും പരിഗണിക്കുക. അച്ചടി മാധ്യമം, ദൃശ്യ മാധ്യമം, നവ മാധ്യമം, ശ്രവ്യ മാധ്യമം എന്നിങ്ങനെ നാല് വിഭാഗങ്ങളിലായിട്ടാണ് അവാർഡ് നൽകുന്നത്.

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&

RNU TVPM